(ഐ) പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തസ്തികകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. ബോംബും മറ്റ് സ്ഫോടകവസ്തുക്കളും കണ്ടെടുക്കുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള ആധുനിക സംവിധാനങ്ങളോടുകൂടി ഇന്റലിജൻസ് വിഭാഗം ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. മതമൗലികവാദസംഘടനകളുമായി ബന്ധപ്പെട്ട സ്ഫോടകവസ്തുശേഖരവും നിർമ്മാണവും കർശനമായി തടയുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗം നടത്തുന്ന അന്വേഷണത്തിനു പുറമേ ഓരോ ജില്ലാ അതിർത്തിക്കുള്ളിലും പ്രസ്തുത വിവരങ്ങൾ മുൻകൂട്ടി ശേഖരിച്ച് അറിയിക്കുന്നതിന് ക്രൈംഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. മതമൗലികസംഘടനകളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് യുക്തമായ നടപടികൾ അപ്പോഴപ്പോൾ സ്വീകരിക്കുന്നുണ്ട്.

5 (*5) ആശുപത്രികളുടെ സമഗ്ര വികസനം

പ്രൊഫ: മീനാക്ഷിതമ്പാൻ :

ശ്രീ. ജോസ് ബേബി :

ശ്രീ. പി.എസ്. സുപാൽ :

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളുടെ സമഗ്രവികസനത്തിനായുള്ള ലോകബാങ്ക് പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി ലഭിച്ചതെന്നാണ്; എത്രകോടി രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി മൂലം ഏതെല്ലാം തരത്തിലുള്ള ആശുപത്രികളുടെ എന്തെല്ലാം തരത്തിലുള്ള വികസനങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)മുതൽ (സി)വരെ ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ ഇൻഡ്യയിലെ ഏതാനും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന ആരോഗ്യ വ്യവസ്ഥാ പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തുന്നതിനായി, സംസ്ഥാനത്തെ ദ്വിതീയതല ആശുപത്രികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി 423.65 കോടി രൂപയുടെ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി. ദ്വിതീയതല ആശുപത്രികളിൽ വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുന്നതിനാവശ്യമായ കെട്ടിടനിർമ്മാണം, ചികിൽസാ സാമഗ്രികൾ ലഭ്യമാക്കാൻ, ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പദ്ധതികൾ എന്നീ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly